# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 77          04/03/2020-ൽ മറുപടിയ്ക്ക്

### പട്ടികജാതി - പട്ടിക ഗോത്രവർഗക്കാരുടെ സമഗ്ര വികസനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ആർ. രാജേഷ്<br>,, ഒ. ആർ. കേളു<br>,, സി.കൃഷ്ണൻ<br>,, കെ. ആൻസലൻ : | | എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | പട്ടികജാതി -പട്ടിക ഗോത്രവർഗക്കാരുടെ സാമ്പത്തിക സാമൂഹ്യ ഉന്നമനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ മുഖേന കൈവരിക്കാൻ കഴിഞ്ഞ നേട്ടം അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | പട്ടികജാതി - പട്ടികവർഗ്ഗ ഗോത്രവർഗ്ഗക്കാരുടെ സാമ്പത്തിക സാമൂഹിക ഉന്നമനത്തിനായി ആവിഷ്കരിച്ചിട്ടുളള പ്രധാന പദ്ധതികൾ മുഖേന കൈവരിക്കാൻ കഴിഞ്ഞ നേട്ടം അവലോകനം ചെയ്യാറുണ്ട്. സംസ്ഥാന തലത്തിൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും വകുപ്പ് തലത്തിൽ ചീഫ് സെക്രട്ടറി, ഡയറക്ടർ എന്നിവരുടെ അദ്ധ്യക്ഷതയിലും അവലോകന യോഗങ്ങൾ നടത്താറുണ്ട്. |
| (ബി) | പട്ടികഗോത്രവർഗക്കാരുടെ സമഗ്ര വികസനത്തിനായുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നിലവിലുള്ള പദ്ധതികൾ മുഖേന കൈവരിച്ച നേട്ടം വിലയിരുത്തുന്നതിനും സാമൂഹ്യ - സാമ്പത്തിക സർവ്വേ നടത്തുന്നതിന്റെ പുരോഗതി അറിയിക്കാമോ; | (ബി) | പട്ടികവർഗ്ഗക്കാരുടെ 2008-ലെ സാമൂഹിക സാമ്പത്തിക സർവ്വേയിലെ വിവരങ്ങൾ കാലാനുസൃതമായി പുതുക്കുന്നതിനും കൂടുതൽ വിവരങ്ങൾ കൂട്ടി ചേർക്കുന്നതിനുമായി വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ആൻഡ്രോയിഡ് പ്ലാറ്റ്ഫോമിലുള്ള ഒരു മൊബൈൽ ആപ് ഉപയോഗിച്ച് പട്ടികവർഗ്ഗ പ്രമോട്ടർമാർ വഴി എല്ലാ വീട്ടുകളും സന്ദർശിച്ച് വിവരശേഖരണം നടത്തിക്കഴിഞ്ഞു.<br><br>വിദ്യാഭ്യാസം, സാമ്പത്തികം,ആരോഗ്യം, ജീവനോപാധി, അടിസ്ഥാന സൗകര്യം മുതലായ എല്ലാ മേഖലകളെയും ഉൾക്കൊള്ളിച്ചു കൊണ്ടാണ് സമഗ്രമായ ഇ-സർവ്വെ നടന്നു വരുന്നത്.<br><br>ഇതുവരെ ലഭ്യമായ കണക്ക് പ്രകാരം 1,40,750 കുടുംബങ്ങളുടെ വിവരശേഖരണം പൂർത്തിയായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പട്ടികജാതി -പട്ടിക ഗോത്രവർഗക്കാർക്ക് ഭരണഘടനാനുസൃതം സംവരണം ചെയ്തിട്ടുള്ള തസ്തികകളിലെ ഒഴിവുകൾ സമ്പൂർണ്ണമായും നികത്തുന്നുവെന്ന് ഉറപ്പുവരുത്താൻ നടപടിയെടുത്തിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ ? | (സി) | പട്ടികജാതി പട്ടികഗോത്രവർഗ്ഗക്കാർക്ക് ഭരണഘടനാനുസൃതം സംവരണം ചെയ്തിട്ടുളള തസ്തികകളിലെ ഒഴിവുകൾ പൂർണ്ണമായും നികത്തുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ